(ബി) ഓരോ വർഷവും നടപ്പാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഉള്ളടക്കം ചെയ്യുന്നു.* പ്രത്യേക ദുർബ്ബല ഗോത്രവർഗ്ഗ വിഭാഗക്കാർ അധിവസിക്കുന്ന കാസർകോട്, കോഴിക്കോട്, വയനാട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ വിവിധ കോളനികളിൽ പദ്ധതികൾ നടപ്പാക്കിവരുന്നു.

(സി) പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരുന്നു. പദ്ധതിയുടെ കാലാവധി 2015 മാർച്ചിൽ അവസാനിക്കും.

പട്ടികവർഗ്ഗ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമ നടപടികൾ

201 (8037) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകളും പെൺകുട്ടികളും ബലാൽസംഗത്തിനും പീഡനത്തിനും ഇരയായിട്ടുള്ള എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ബി) ബലാൽസംഗത്തിന് ഇരയായി എത്ര പട്ടികവർഗ്ഗ സ്ത്രീകളും പെൺകുട്ടികളും ആണ് കൊല ചെയ്യപ്പെട്ടിട്ടുള്ളത് ;

(സി) വനമേഖലയിലെ ദുർഘടജീവിതസാഹചര്യങ്ങളാൽ സാമൂഹ്യപരമായും സാമ്പത്തികപരമായും ഏറെ അവശത അനുഭവിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകളെയും പെൺകുട്ടികളെയും ചൂഷണമുക്തമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) 177 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) രണ്ട്.

(സി) ഉണ്ട്.

(ഡി) പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ/ചൂഷണങ്ങൾ തടയുന്നതിനും അവർക്ക് ലഭ്യമാകുന്ന നിയമ പരിരക്ഷകൾ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനും ലീഗൽ സർവ്വീസ് സൊസൈറ്റി മുഖേനയും തദ്ദേശീയരായ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അഭിഭാഷകരുടെയും പൊതുപ്രവർത്തകരുടേയും സഹകരണത്തോടുകൂടിയും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ സ്ത്രീകൾക്കെതിരെയുള്ള പീഡനങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുന്നതിനായി സംസ്ഥാന വനിതാ കമ്മീഷൻ നിലവിലുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ ഗോത്ര വർഗ്ഗ കമ്മീഷനും പ്രത്യേക അദാലത്തുകൾ നടത്തി ഇക്കാര്യത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് നടപടിയെടുത്തുവരുന്നു. ജില്ലകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വേണ്ടി സെമിനാറുകൾ/ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഫീൽഡ് തലത്തിൽ പ്രോജക്ട് ഓഫീസർ/ ടൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ മുഖേന സംഘടിപ്പിക്കാറുണ്ട്. എല്ലാ വർഷവും സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തോടനുബന്ധിച്ച് ഇക്കാര്യത്തിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ച് വരുന്നുണ്ട്. 1989-ലെ പട്ടികജാതി/പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം ശക്തമായി നടപ്പാക്കുന്നതിലൂടെ പട്ടികവർഗ്ഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ അമർച്ച ചെയ്യുന്നതിന് കഴിയുന്നുണ്ട്. ടി നിയമം നടപ്പാക്കുന്നതിനും അതിക്രമങ്ങൾക്ക് വിധേയരാകുന്നവരെ പുനരധിവസിപ്പിക്കുന്നതിനും അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് സൗജന്യ നിയമ സഹായം, അർഹമായ കേസ്സുകളിൽ ആശ്രിതർക്ക് സർക്കാർ ജോലി, ആശ്രിതർക്കുള്ള ധനസഹായം തുടങ്ങിയ പരിരക്ഷകളും ഈ പദ്ധതി ഉറപ്പ് വരുത്തുന്നുണ്ട്. 1989-ലെ പട്ടികജാതി/ പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസ്സുകളുടെ അന്വേഷണം, കേസ്സുകളുടെ നടത്തിപ്പ് എന്നിവ സുഗമമാക്കുന്നതിനായി വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളും ടി കേസ്സുകളുടെ സമയബന്ധിത തീർപ്പാക്കലിന് മലപ്പുറം ജില്ലയിലെ മഞ്ചേരിയിലും വയനാട് ജില്ലയിലെ മാനന്തവാടിയിലും സ്പെഷ്യൽ കോടതികളും ആരംഭിച്ചിട്ടുണ്ട്.

ഭൂരഹിതരായ പട്ടികവർഗ്ഗക്കാർ

202 (8038) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി ഭൂമിയില്ലാത്ത പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി നൽകുന്നതിൽ ഈ സർക്കാർ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് ; ഇതേവരെ എത്രപേർക്ക് ഭൂമി നൽകുന്ന പദ്ധതി പ്രകാരം ഭൂമി നൽകിയിട്ടുണ്ട് ; എത്രപേർ ഭൂമി ഏറ്റുവാങ്ങി ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർക്ക് അനുവദിക്കുന്ന ഭൂമി കൃഷിയോഗ്യമോ വാസയോഗ്യമോ അല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എവിടെയൊക്കെയാണ് പ്രസ്തുത വിഭാഗത്തിൽപെട്ടവർക്ക് ഭൂമി അനുവദിച്ചിട്ടുള്ളത്, വ്യക്തമാക്കാമോ ;